LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കോർപ്പറേഷൻ നടത്തുന്ന പെട്രോൾ പമ്പുകളുടെ പ്രവർത്തനം വിലയിരുത്താറുണ്ട്. വിൽപ്പനയുടെ അടിസ്ഥാനത്തിൽ എല്ലാ മാസവും പെട്രോൾ ബങ്കുകളുടെ പ്രവർത്തനം വിലയിരുത്തി വിൽപ്പന വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാറുണ്ട്. കൂടാതെ പെട്രോൾ ബങ്കുകളെക്കുറിച്ചുള്ള പരാതി ലഭിച്ചാൽ അത് ഉടൻ പരിഹരിച്ച് പെട്രോൾ പമ്പുകളുടെ പ്രവർത്തനം സുഗമമാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കാറുണ്ട്.

(ബി&സി) ഉണ്ട്. പ്രസ്തുത നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

**'വിശപ്പ് രഹിത' സംസ്ഥാനം**

256(1501) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തെ 'വിശപ്പ് രഹിത' സംസ്ഥാനമാക്കുന്നതിന് തീരുമാനമെടുത്ത എൽ.ഡി.എഫ്. സർക്കാർ പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികളെന്തെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

കുടുംബശ്രീയുടെയും സ്വകാര്യ മേഖലയുടെയും പങ്കാളിത്തത്തോടെ ആവശ്യമുള്ളവർക്കെല്ലാം ഒരു നേരത്തെ ഊണ് സൗജന്യമായി നൽകുന്നതിനുള്ള പദ്ധതി ആദ്യം പരീക്ഷണാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിൽ നടപ്പാക്കാൻവേണ്ടി നടപടികൾ സ്വീകരിക്കുന്നതാണ്.

**ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് സൗജന്യ നിരക്കിലുള്ള ഭക്ഷ്യധാന്യങ്ങൾ**

257 (1502) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകളിൽ നിന്നും ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്കുള്ള സൗജന്യ നിരക്കിലുള്ള അരി, പഞ്ചസാര, മണ്ണെണ്ണ എന്നിവ അർഹതപ്പെട്ടവർക്ക് തന്നെ ലഭിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തുന്നുണ്ടോ;

(ബി) ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് സൗജന്യ നിരക്കിലുള്ള ഭക്ഷ്യധാന്യങ്ങളുടെ നിരക്കുകൾ കൃത്യമായി അവർ അറിയുന്നില്ലെന്നും അത് അവർക്ക് ലഭിക്കുന്നില്ലെന്നുമുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ബി.പി.എൽ. കാർഡുകാർക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ ഉണ്ടെന്നും റേഷൻ കടയിൽ നിന്നും ഏതെല്ലാം ആനുകൂല്യങ്ങൾ അവർ കൈപ്പറ്റിയെന്നും അറിയുന്നതിനുള്ള ഇന്റിമേഷൻ&റിസീവ്ഡ് കാർഡ് സിസ്റ്റം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

(ഡി) റേഷൻ വ്യാപാരികൾക്കും ബി.പി.എൽ. ഉപഭോക്താക്കൾക്കും ഇടയിൽ സൗജന്യ നിരക്കിലുള്ള ഭക്ഷ്യ സാധനങ്ങളുടെ ചോർച്ച സംഭവിക്കാതിരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. അർഹരായ ഉപഭോക്താക്കൾക്ക് അർഹമായ അളവിലും തൂക്കത്തിലും ഭക്ഷ്യധാന്യങ്ങൾ ലഭ്യമാകുന്നു എന്ന് ഉറപ്പുവരുത്തുന്നതിനായി റേഷനിംഗ് ഇൻസ്പെക്ടർമാർ മുതൽ മുകളിലോട്ടുള്ള സിവിൽ സപ്ലൈസ് വകുപ്പിലെ ഉദ്യോഗസ്ഥന്മാർ റേഷൻ കടകളിൽ നിരന്തരം പരിശോധന നടത്തുന്നു. റേഷൻ കാർഡുകളും റിക്കാർഡുകളുമായി ഒത്തുനോക്കി കാര്യക്ഷമമായ പരിശോധന നടത്തുന്നു.

(ബി) പ്രസ്തുത സാഹചര്യം നിലവിലില്ല. റേഷൻ കടകളിലൂടെ പ്രതിമാസം വിതരണം ചെയ്യുന്ന ഭക്ഷ്യ സാധനങ്ങളുടെ അളവും നിരക്കും പത്രമാധ്യമങ്ങളിലൂടെ പ്രസിദ്ധപ്പെടുത്തുന്നു. കൂടാതെ റേഷൻകടകളിൽ വിലവിവരപ്പട്ടികയും പ്രതിമാസ ലഭ്യതയും ഉപഭോക്താക്കൾ കാണത്തക്കവിധം stock-cum-price board എഴുതി പ്രദർശിപ്പിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. സിവിൽ സപ്ലൈസ് വകുപ്പിന്റെ www.civilsupplieskerala.gov.in എന്ന സൈറ്റിൽ റേഷൻ ഭക്ഷ്യ ധാന്യങ്ങളുടെ അളവും നിരക്കും എല്ലാ മാസവും പ്രദർശിപ്പിക്കുന്നുണ്ട്.

(സി) പരിശോധിച്ചുവരുന്നു. ഭക്ഷ്യ സുരക്ഷാ നിയമം 2013 നടപ്പാക്കി കഴിയുമ്പോൾ റേഷൻ കടകളിൽ ബയോമെട്രിക് സംവിധാനമുള്ള ഇ-പോസ് മെഷീൻ സ്ഥാപിച്ച് റേഷൻ സാധനങ്ങളുടെ വിതരണം ടി മെഷീനിലൂടെയാക്കുന്നതോടുകൂടി റേഷൻ വിതരണത്തിന് കൂടുതൽ സുതാര്യത ലഭിക്കും. എഫ്.സി.ഐ.-യിൽ നിന്ന് റേഷൻ സാധനങ്ങൾ വിട്ടെടുത്ത് മൊത്ത വിതരണ ശാലകളിൽ (AWD) സംഭരിച്ച് അംഗീകൃത ചില്ലറ വ്യാപാരികളിലൂടെ (ARD) കാർഡുടമകൾക്ക് വിതരണം ചെയ്യുന്നത് വരെയുള്ള വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി ഓൺലൈൻ മൊഡ്യൂൾ പൊതുവിതരണ വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) റേഷൻ കടകളിൽ വിലവിവരപ്പട്ടികയും പ്രതിമാസ ലഭ്യതയും ഉപഭോക്താക്കൾ കാണത്തക്കവിധം stock-cum-price board എഴുതി പ്രദർശിപ്പിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. സിവിൽ സപ്ലൈസ് വകുപ്പിന്റെ www.civilsupplieskerala.gov.in എന്ന സൈറ്റിൽ റേഷൻ ഭക്ഷ്യ ധാന്യങ്ങളുടെ അളവും നിരക്കും എല്ലാ മാസവും പ്രദർശിപ്പിക്കുന്നുണ്ട്. അനധികൃതമായി കടത്തിക്കൊണ്ടുപോകുന്ന ഭക്ഷ്യധാന്യങ്ങളും മണ്ണെണ്ണയും അനധികൃതമായി വ്യാപാരം നടത്തുന്നതിനായി സൂക്ഷിക്കുന്ന ഭക്ഷ്യധാന്യങ്ങളും മണ്ണെണ്ണയും പിടിച്ചെടുത്ത് പൊതുവിതരണ ശൃംഖലവഴി വിതരണം ചെയ്യുകയും ആയതിന്റെ വിറ്റുവരവ് റവന്യൂ ഡെപ്പോസിറ്റിൽ സൂക്ഷിക്കുകയും ചെയ്യുന്നു. കൂടാതെ കുറ്റക്കാർക്കെതിരെ പോലീസ് കേസ്/അവശ്യ സാധന നിയമം (Essential Commodities Act-1955), Prevention of Black Marketing and Maintenance of Supply of Essential Commodities Act-1980 എന്നിവ പ്രകാരം നടപടിയെടുത്തുവരുന്നു.

### ശബരി ഉല്പന്നങ്ങൾ

258 (1503) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.സി. എസ്.സി. വഴി വിറ്റഴിച്ച് വന്നിരുന്ന പരലുപ്പ് (ശബരി), ഉത്സവസീസണുകളിലും മറ്റും അവയുടെ ഔട്ട്ലെറ്റുകളിൽ ലഭ്യമല്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സന്ദർഭങ്ങളിൽ ഔട്ട്ലെറ്റുകളിലൂടെ സ്വകാര്യ കമ്പനികളുടെ ഉൽപ്പന്നങ്ങൾ വിറ്റഴിച്ച് സ്വകാര്യ ഉടമകൾക്ക് കോടികൾ ലാഭമുണ്ടാക്കി കൊടുക്കുന്ന പ്രവണത പ്രോത്സാഹിപ്പിക്കുന്ന നടപടി നിരുത്സാഹപ്പെടുത്തുമോ;

(സി) പൊതുജനങ്ങൾക്ക് സർക്കാർ ഉൽപ്പന്നങ്ങൾ മുടക്കമില്ലാതെ ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത ഔട്ട്ലെറ്റുകളിലൂടെ സർക്കാർ ഉല്പന്നങ്ങൾക്ക് ലാഭം കുറഞ്ഞാലും അവ വിറ്റഴിക്കുന്നതിന് പകരം സ്വകാര്യകമ്പനികളുടെ ഉല്പന്നങ്ങളുടെ വിൽപ്പന പ്രോത്സാഹിപ്പിക്കുന്ന ഉദ്യോഗസ്ഥരുടെ നടപടി നിരുത്സാഹപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly